പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 543

27.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. എൻ. ഷംസുദ്ദീൻ

ഡോ. എം. കെ. മുനീർ

ശ്രീ. സി.മമ്മൂട്ടി

" വി.കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾക്കായി അയയ്ക്കുന്ന ബസുകൾ ശരിയായ അറ്റകുറ്റപ്പണികൾ നടത്താതെയും അവയുടെ കാലപ്പഴക്കം പരിഗണിക്കാതെയും ലേലം ചെയ്യുന്നതായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആവശ്യമായ യോഗ്യതയും പ്രവർത്തന പരിചയവും ഉള്ള ജീവനക്കാർ വർക്ക്ഷോപ്പുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | നിർദ്ദിഷ്ട യോഗ്യതയും പ്രവർത്തി പരിചയവും ഉറപ്പുവരുത്തി കേരളാ പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരാണ് പൊതുവേ വർക്ക്ഷോപ്പുകളിൽ ഉള്ളത്. ഇങ്ങനെ നിയോഗിക്കപ്പെടുന്ന മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് അതാതു മേലഖയിൽ പ്രാവീണ്യം ലഭിക്കത്തക്കവിധത്തിൽ കെ.എസ്.ആർ.ടി.സി.യുടെ ട്രെയിനിംഗ് സെന്ററിലും വർക്ക്ഷോപ്പുകളിലും വച്ച് ട്രെയിനിംഗ് നൽകുന്നുണ്ട്. കൂടാതെ ഓരോ വാഹന നിർമ്മാതാക്കളുടെയും, വാഹന ഘടക നിർമ്മാതാക്കളുടെയും ആഭിമുഖ്യത്തിൽ നിരന്തരം refresh training നൽകി വരുന്നുണ്ട്. |
| (സി) | വർക്ക്ഷോപ്പുകളിൽ അയയ്ക്കുന്ന ബസുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കി വരുമാനം വർദ്ധിപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ? | (സി) | കർശന നിർദ്ദേശം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ